KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg                                                                 തിയ്യതി : 30.10.2024

## സർക്കുലർ നമ്പർ. 44/2024 (BD)

വിഷയം : 2024 നവംബർ 6 - കെ.എസ്.എഫ്.ഇ. യുടെ 55-ാം പിറന്നാൾ ആഘോഷിക്കുന്നത് സംബന്ധിച്ച്.

പ്രവർത്തന മികവിന്റെ 55 വർഷങ്ങൾ പൂർത്തിയാക്കി 2024 നവംബർ 6 ന് ഒരു പിറന്നാൾ ദിനം കൂടി ആഘോഷിക്കുകയാണ് കെ.എസ്.എഫ്.ഇ. കേരളത്തിന്റെ തനത് സാമ്പത്തിക വ്യവഹാരമായ ചിട്ടി ഉൾപ്പെടെ നിരവധി നിക്ഷേപ, വായ്പാ സമ്പാദ്യ പദ്ധതികൾ കേരളീയർക്കായി ഒരുക്കിക്കൊണ്ട് ആഗോളതലത്തിൽ തന്നെ തലയുയർത്തി നിൽക്കുന്ന സ്ഥാപനമായി കെ.എസ്.എഫ്.ഇ. മാറിക്കഴിഞ്ഞിരിക്കുന്നു.

അതിനാൽ തന്നെ, അമ്പത്തഞ്ചാം ജന്മദിനം സമുചിതമായി ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എല്ലാ ശാഖകളും അന്നേ ദിവസം രാവിലെ "പിറന്നാൾ കേക്ക്" മുറിച്ചു കൊണ്ട് ജന്മദിനാഘോഷം തുടങ്ങി വെയ്ക്കേണ്ടതാണ്. വിശ്വസ്തരായ ഇടപാടുകാരേയും ഏജന്റുമാരേയും ബിസിനസ്സ് പ്രൊമോട്ടർമാരേയും അപ്രൈസർമാരേയും മറ്റും പങ്കെടുപ്പിച്ചു കൊണ്ടാണ് "പിറന്നാൾ കേക്ക്" മുറിക്കേണ്ടത്. ശാഖകളുമായി ദീർഘകാലബന്ധമുള്ള വനിതാ ഇടപാടുകാരേയും ഈ ചടങ്ങിൽ പങ്കെടുപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എത്തിച്ചേരുന്ന അതിഥികളിൽ അനുയോജ്യമായ ഒരു വ്യക്തിയെക്കൊണ്ട് കേക്ക് മുറിപ്പിക്കുന്നത് നന്നായിരിക്കും. പിറന്നാൾ ദിനത്തിൽ ശാഖയിലെത്തിച്ചേരുന്ന എല്ലാവർക്കും മധുരം വിതരണം ചെയ്യേണ്ടതാണ്.

കമ്പനിയുടെ വളർച്ചയിൽ നിസ്തുലമായ പങ്ക് വഹിച്ച ഇടപാടുകാരോടൊത്തുള്ള കൂടിച്ചേരലുകളും ഇതോടൊപ്പം നടത്തേണ്ടതുണ്ട്. സ്ഥാപനത്തിന്റെ ജന്മദിനമായ നവംബർ 6 ന് ആരംഭിച്ച് ഒരു മാസക്കാലം നീണ്ടു നിൽക്കുന്ന വിധത്തിൽ " KSFE കസ്റ്റമർ മീറ്റ് 2024" എന്ന പേരിലാണ് ഈ പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച വിശദമായ അറിയിപ്പ് നൽകുന്നതാണ്.

നവംബർ 6 ന് രാവിലെ 10.30 ന് ജീവനക്കാർ താഴെക്കാണുന്ന പ്രതിജ്ഞ എടുക്കേണ്ടതാണ്. ശാഖാ മാനേജർ / ചുമതല വഹിക്കുന്ന വ്യക്തി പ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതും മറ്റുള്ളവർ അത് ഏറ്റു ചൊല്ലേണ്ടതുമാണ്.

**"കേരളീയ ജനജീവിതത്തിലേയ്ക്ക് ആഴത്തിൽ ഇറങ്ങിച്ചെന്ന് അവരുടെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതി ഉറപ്പു വരുത്താൻ ആരംഭം മുതൽ ശ്രമിക്കുന്ന സ്ഥാപനമാണ് കെ.എസ്.എഫ്.ഇ. വിശ്വാസ്യതയുടേയും സുരക്ഷിതത്വത്തിന്റേയും അമ്പത്തഞ്ചു വർഷങ്ങൾ പിന്നിടുന്ന ഈ വേളയിൽ ഇടപാടുകാരെ കൂടുതൽ ചേർത്ത് പിടിച്ച്, അവർക്കു വേണ്ടി കൂടുതൽ കരുതലോടെ, കാര്യക്ഷമമായി പ്രവർത്തിച്ച് ആ മഹിത പാരമ്പര്യം കാത്തു സൂക്ഷിക്കും എന്ന് ഞങ്ങൾ ഉറപ്പു തരുന്നു. അതോടൊപ്പം കെ.എസ്.എഫ്.ഇ.യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പരിപാലിക്കാൻ പ്രതിബദ്ധത പുലർത്തുന്ന ഞങ്ങളോരോരുത്തരും മുഴുവൻ കഴിവുകളും ഈ സ്ഥാപനത്തിന്റേയും ഇടപാടുകാരുടെയും അഭിവൃദ്ധിയ്ക്കും പുരോഗതിയ്ക്കും വേണ്ടി വിനിയോഗിക്കും എന്ന് ഈ ജന്മദിനവേളയിൽ ദൃഢപ്രതിജ്ഞ ചെയ്യുന്നു."**

ഇതോടൊപ്പം അയയ്ക്കുന്ന ബാനർ പ്രിന്റ് ചെയ്തെടുത്ത് ശാഖയിൽ എത്തുന്ന എല്ലാ സന്ദർശകർക്കും കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

പിറന്നാൾ ആഘോഷത്തിനായി 2000/- രൂപയിൽ കവിയാത്ത തുക വിനിയോഗിക്കാവുന്നതാണ്. Sales Promotion / Publicity (0289) എന്ന ഹെഡിലാണ് അക്കൗണ്ട് ചെയ്യേണ്ടത്.

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:** എല്ലാ മേഖലാ /ശാഖാ തലവൻമാർ , ഡിജിറ്റൽ ബിസിനസ്സ് സെന്റർ.

പകർപ്പ്:

i. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പു മേധാവികൾക്കും
ii. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv എം.ഡി. യുടെ പി.എ.
v സർക്കുലർ ഫയൽ